പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എസ്.എൻ.ഡി.പി. യോഗത്തിന് മൈക്രോ ക്രെഡിറ്റ് വായ്പ നൽകിയത്

333 (1022) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻവഴി എസ്.എൻ.ഡി.പി. യോഗത്തിന് എത്ര തുക മൈക്രോ ക്രെഡിറ്റ് വായ്പാ ഇനത്തിൽ നൽകുകയുണ്ടായെന്ന് അറിയിക്കുമോ;

(ബി) എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ വായ്പ ഏതൊക്കെ യൂണിയനുകൾ വഴി ഏതൊക്കെ സ്വയം സഹായ സംഘങ്ങൾക്കാണ് നൽകിയതെന്ന് അറിയിക്കുമോ;

(സി) വായ്പ നൽകിയ സ്വയം സഹായ സംഘങ്ങളുടെ പേരും മേൽവിലാസവും ഓരോ സംഘത്തിനും നൽകിയ വായ്പാ തുകയും എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ഡി) വായ്പാ പലിശ നിരക്കുകൾ സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമായിരുന്നു?

ഉത്തരം

(എ) 5 കോടി രൂപ മൈക്രോ ക്രെഡിറ്റിന് വായ്പ നൽകിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) കെ.എസ്.ബി.ഡി.സി. SNDP യോഗത്തിന് 3% പലിശ നിരക്കിലാണ് വായ്പ നൽകിയിരിക്കുന്നത്. സ്വയംസഹായ സംഘങ്ങളിലെ ഗുണഭോക്താക്കളിൽ നിന്നും SNDP യോഗത്തിന് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 5% ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly